ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 2013641 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകിയിട്ടുണ്ട്.

(ബി &സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് പ്രതിമാസം കുറഞ്ഞ വിലയ്ക്ക് 35 കിലോ ഗ്രാം അരിയും, കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ അംഗത്തിനും കിലോഗ്രാമിന് 13 രൂപ 50 പൈസ നിരക്കിൽ 400 ഗ്രാം പഞ്ചാസാരയും, റേഷൻ കടകൾ വഴി നൽകി വരുന്നു. കിലോഗ്രാമിന് 8 രൂപ 90 പൈസ വിലയുള്ള റേഷനരി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് 6 രൂപ 20 പൈസ നിരക്കിലും, ഇവരിൽ തന്നെ ഏറ്റവും ദരിദ്രരായ കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം 3 രൂപ നിരക്കിലുമാണ് നൽകുന്നത്.

(ഡി) 1742003 കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിഭാഗത്തിലും 271638 കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന പദ്ധതിയിലും ആനുകൂല്യം ലഭിക്കുന്നുണ്ട്.

റേഷൻ വ്യാപാരികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ

42 (4081) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര റേഷൻ കടകൾ ഉണ്ട് ;

(ബി) റേഷൻ വ്യാപാരികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 14140 റേഷൻ കടകൾ ഉണ്ട്.

(ബി) റേഷൻ വ്യാപാരികൾക്ക് നിശ്ചിത നിരക്കിൽ കമ്മീഷൻ നൽകി വരുന്നുണ്ട്. കൂടാതെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിൽ നിന്നും അംഗങ്ങൾക്ക് ചികിത്സാ സഹായം, റേഷൻ വ്യാപാരം, നടത്തുന്നതിലേക്ക് അഡ്വാൻസ്, അംഗങ്ങളുടെ കുട്ടികളിൽ എസ്. എസ്. എൽ. സി./ഹയർ സെക്കന്ററി പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന മൂന്നുപേർക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്/ പെൻഷൻ, മരണാനന്തര ആനുകൂല്യം, അംശാദായം തിരിച്ചു നൽകൽ എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

മൊബൈൽ മാവേലിസ്റ്റോറുകൾ

43 (4082) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly